# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/383/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/383/2023 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-07-2021 മുതൽ 15-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2023 | 25-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-02-2023 | 25-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ.സി ,ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ്സ.ഇ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാജഹാൻ ഖുറൈഷി.എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഹുസ്ന വി.സി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റുബീന.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുഹമ്മദ് അഷ്റഫ്.വൈ.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗ്രീഷ്മ.ജി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിജയകുമാരി.കെ.പി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ.ബുഷ്റ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷബ്ന ജാസ്മിൻ കെ.ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിനോദിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ റഷീദ്.കെ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രാംകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സഫിയ .എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.മമ്മദ് അബ്ദുൾ ലത്തീഫ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.മിഥുൻ.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ശിവപ്രസാദ് പി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -എ സി ആർ പൊരുത്തപ്പെടുന്നില്ല | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 13 | വസ്തുനികുതി വിജ്ഞാപനം ഭേദഗതി നടപ്പിൽ വരുത്തിയില്ല | 1-12 |
| 14 | കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി ചുമത്തിയില്ല. | 1-13 |
| 15 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി | 1-15 |
| 17 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ | 1-16 |
| 18 | പോഷകാഹാര വിതരണം -അപാകതകൾ | 1-17 |
| 19 | മരുന്നുകൾ  ലഭ്യമായില്ല | 1-18 |
| 20 | ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല. | 1-19 |
| 21 | കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി | 1-20 |
| 22 | GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം- അപാകതകൾ | 1-21 |
| 23 | മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 33015 രൂപ തിരിച്ചടവാക്കി | 1-22 |
| 24 | റോഡിൽ കട്ട പതിക്കൽ - അധിക തുക നൽകി | 1-23 |
| 25 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 1-24 |
| 26 | വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി -അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 27 | വീട് വാസയോഗ്യമാക്കൽ പദ്ധതി- പരാമർശത്തിന് വിശദീകരണം | 1-26 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ് | |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല. | 1-27 |
| 29 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-28 |
| 30 | പുതിയ LED ബൾബുകൾ സ്ഥാപിക്കൽ പദ്ധതി- അപാകത | 1-29 |
| 31 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി- അപാകതകൾ | 1-30 |
| 32 | ബെഡ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 1-31 |
| 33 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് | 1-32 |
| 34 | തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 35 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡിൽ കട്ട പതിക്കൽ - അധിക തുക നൽകി | 3-1 |
| 2 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 3-2 |
| 3 | ബെഡ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 3-3 |
| 4 | വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി -അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-4 |
| 5 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി | 3-5 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021 -22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം-1 /22.02.2021 | 15(1)/30.3.2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 20.08.2022 |

വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 67710560 |
| വരവ് | 182757056 |
| ആകെ | 250467616 |
| ചെലവ് | 170012807 |
| നീക്കിയിരിപ്പ് | 80454809 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 20767917 | 20767917 | 18424001 | 2343916 |
| പ്ലാൻ (SCP) | 0 | 16436917 | 16436917 | 14523533 | 1913384 |
| പ്ലാൻ (TSP) | 0 | 345229 | 345229 | 313133 | 32096 |
| CFC (Untied ) | 0 | 5440287 | 5440287 | 4979430 | 460857 |
| CFC (TIED) | 0 | 14309107 | 14309107 | 5156185 | 9152922 |
| റോഡ് (MG) | 0 | 45561128 | 45561128 | 11942186 | 33618942 |
| റോഡിതരം (MG) | 0 | 11695287 | 11695287 | 8162784 | 3532503 |
| ബി.ഫണ്ട് | 0 | 102947200 | 102947200 | 102947200 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 350 | 233661654 | 253 | 153287635 | 4 | 93 | 72.28% |

### 1-5-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -എ സി ആർ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ സി ആർ എന്നിവ മെയ്റ്റനൻസ് ഫണ്ട് നോൺറോഡിലെ ചെലവുകൾ തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടു.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ സി ആർ |
|---|---|---|
| മെയ്ന്റനൻസ് ഫണ്ട് നോൺറോഡ് | 8062784 | 8162784 |

വ്യത്യാസത്തിനു കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/20.02.23) ഇ ബിൽ ജനറേറ്റ് ചെയ്ത സമയത്ത് വന്നിട്ടുള്ള പിഴവാണ് എന്ന മറുപടി ലഭ്യമാക്കി.അപാകത പരിഹരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 548972. | 971446 | 1520418 | 1517661 | 2757 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | | 43387889 | 43387889 | 43387889 | |
| ആകെ | 548972 | 44359335 | 44908307 | 44905550 | 2757 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4975800 | 311 |
| വിധവാപെൻഷൻ | 35543100 | 2160 |
| വാർദ്ധക്യകാലപെൻഷൻ | 47467800 | 3518 |
| വികലാംഗപെൻഷൻ | 12479700 | 830 |
| വിവാഹ ധനസഹായം | 510000 | 17 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1970800 | 131 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 141437/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്-

1. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം ഇവയുടെ

വാർഷിക സ്റ്റോക്ക് പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ഗ്രാമ പഞ്ചായത്ത് ഓഫീസിലും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും വാങ്ങുന്ന ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് നമ്പർ നൽകുകയും പ്രസ്തുത നമ്പർ അപ്രകാരം വാങ്ങിയ വസ്തുക്കളിലും ഇൻവോയ്സ്/ബില്ലുകളിലും സ്റ്റോക്ക് എൻട്രിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ വിവിധ പ്രൊജക്ടുകൾ വഴിയും മറ്റും വാങ്ങിയ വസ്തുക്കളുടെ സ്റ്റോക്ക് കൈകാര്യം ചെയ്തതിൽ ഇക്കാര്യങ്ങൾ പാലിച്ചിട്ടില്ല.

3. തെരുവ് വിളക്കുകളുടെ സ്ഥിതി വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. തെരുവ് വിളക്കുകളുടെ വിവരം ( എണ്ണം, ഇനം, സ്ഥാപിച്ച ലൊക്കേഷൻ, വാറന്റി തുടങ്ങിയവ) കാണിക്കുന്ന റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/01/2023 | 11/22-12/22 | 07/01/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/02/17-25/02/2017 | 2012-13-2015-16 | 05/04/2017 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (ഇ), (എഫ്) , 62 (3) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു സാമ്പത്തിക വർഷത്തിൽ തന്നെ സാംഖ്യയും ഐ എൽജി എം എസ് എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് സമയബന്ധിതമായി വാർഷികകണക്ക് തയ്യാറാക്കേണ്ടി വന്നതിനാൽ വന്ന പിഴവാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് പരിപരിക്കേണ്ടതാണ്.

2. B12 പ്രകാരം 3000 രൂപ ഇൻവെസ്റ്റ്മെന്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററോ മറ്റ് രേഖകളോ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. തുക വർഷങ്ങളായി രേഖപ്പെടുത്തി കാണുന്നതാണെന്നും ആയതിന്റെ രേഖകൾ നിലവിൽ പഞ്ചായത്തിൽ ലഭ്യമല്ല എന്നും അറിയിച്ചു.

3. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമാക്കി വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്റർ കൃത്യമാക്കി എന്ന മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ പൂർണ്ണമായും ക്രമീകരിച്ചതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ക്രമീകരിച്ചതായി മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ RP 33, B18 -ഷെഡ്യൂളിൽ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്റർ കൃത്യമാക്കി എന്ന മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ചുവടെ ചേർത്ത അക്കൌണ്ടുകളുടെ 31.03.22 ലെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സ്റ്റേറ്റ്മെന്റിൽ ചേർത്ത Closing Balance As Per Bank Book തുകയും യഥാർത്ഥ ബാങ്ക് ബുക്ക്/ വാർഷിക കണക്ക് പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ Closing Balance As Per Bank Book | ബാങ്ക് ബുക്ക്/ വാർഷിക കണക്ക് പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് |
|---|---|---|
| 67104678517 SBI | 5606361 | 5766361 |
| 50100407395208 HDFC | 5119976 | 5042976 |

(അപാകത പരിഹരിക്കുന്നതിന് സൂചിക മുഖേന പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിച്ചു. പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

7. വസ്തുനികുതി സഞ്ചയ DCB സ്റ്റേറ്റ്മെന്റിലെ തൻവർഷത്തെ കളക്ഷൻ & ബാലൻസ് തുക വാർഷിക കണക്കുമായി

പൊരുത്തപ്പെടുന്നില്ല.

| | കളക്ഷൻ (Residential & Non Residential) | ബാലൻസ് (Residential & Non Residential) |
|---|---|---|
| സഞ്ചയ DCB | 8230416 | 198456 |
| വാർഷിക കണക്ക് | 8223080 | 208299 |

( ബൃക്ക് അഡ്ജസ്റ്റ് പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടാത്തതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത് എന്ന മറുപടി അംഗീകരിക്കാവുന്നതാണ്.)

(ഓഡിറ്റ് എൻക്വയറി 7/20.02.23)

## 1-12 വസ്തുനികുതി വിജ്ഞാപനം ഭേദഗതി നടപ്പിൽ വരുത്തിയില്ല

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടിണ്ട്.

ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപന പ്രകാരമുള്ള ഭേദഗതി നാളിതുവരെ നടപ്പിൽ വരുത്താത്തതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22.02.23) വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി ചുമത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി ചുമത്തിയില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമ | യാക്കൂബ് , കൊട്ടുവത്ത് ഹൗസ് |
| ഫയൽ നമ്പർ | എ2-6148/2020 Lf/lf 18.09.2020 |
| സർവ്വെ നമ്പർ | 78/219/8-2 |
| പെർമിറ്റ് നമ്പർ | A2-6148/2020 Dtd 09.11.2020 |
| ഉപയോഗക്രമം | വാണിജ്യം & പാർപ്പിടം |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം | 406.83 M2 (46.71 M2 For Parking Area) |
| വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്ന തറ വിസ്തീർണ്ണം | 360.12 M2 (406.83-46.71) |
| വസ്തു നികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണം | 327.8 M2 |
| നിർണ്ണയിച്ചതിൽ കുറവ് വന്ന വിസ്തീർണ്ണം | 32.32 M2 |

| | |
|---|---|
| അനുവദിച്ച കെട്ടിട നമ്പർ | 12/912 C,D,E,F,G,H,J -വാണിജ്യം<br>12/912 K,L,M,N,P പാർപ്പിടം |
| നികുതി പ്രാബല്യം | 2021 April |

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/22.02.23) നികുതി പുനർനിർണ്ണയിച്ച് കുറവു വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.നികുതി നിർണ്ണയം നടത്തുമ്പോൾ മുഴവൻ വിസ്തീർണ്ണത്തിനും നികുതി കണക്കാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവും വർദ്ധനവും വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവും 5 മീറ്ററിൽ കുറവും 1.5 മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ 4 ാം വാർഡിൽ ശ്രീമതി പുഷ്പവല്ലി മുതൽപേർ എന്നവരുടെ റി. സ. 80/62/2-6 നമ്പറിലുള്ള 7500 Sq M സ്ഥലത്ത് 174.89 M2 വിസ്തീർണ്ണമുള്ള G1 വ്യാവസായികാവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ മേൽപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു. നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 4/260 A |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 174.89 X 40<br>ഇളവ്- 20% (തൃതീയ മേഖല)& 10% മേൽക്കൂര<br>വർദ്ധനവ്-ഇല്ല<br>ആകെ 4897 +294(service Tax)+245 LC |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 174.89 X 40 -20% മേഖല & 10% മേൽക്കൂര+ 20% റോഡ്<br>=6296 + 378 Service Tax +315 LC |

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനം നൽകിയിട്ടുള്ളത് മുൻവശത്തുള്ള 8 മീറ്റർ വീതിയുള്ള റോഡിൽ നിന്നാണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ സൈഡ് വശത്തുള്ള 3 മീറ്റർ പ്രൈവറ്റ് റോഡ് ആണ് പരിഗണിച്ചിട്ടുള്ളത്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്താതെ വസ്തു നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22.03.23) വസ്തു നികുതി പുനർനിർണ്ണയിച്ച് കുറവു വന്ന തുക ഈടാക്കി വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 47/22 |
| അടങ്കൽ | 1845780- പൊതുവിഭാഗം സാധാരണ വിഹിതം<br>334470 തനത് ഫണ്ട് |

| | |
|---|---|
| | 1090125/-ബ്ലോക്ക് പഞ്ചായത്ത്<br>1090125/-ജില്ലാ പഞ്ചായത്ത്<br>ആകെ 4360500 |
| ചെലവ് | 1760640/- പൊതുവിഭാഗം സാധാരണ വിഹിതം<br>44500/- തനത് ഫണ്ട്<br>850539/-ബ്ലോക്ക് പഞ്ചായത്ത്<br>1090125/-ജില്ലാ പഞ്ചായത്ത്<br>ആകെ- 3745804 |
| ബിൽ /വൗച്ചർ നമ്പർ | 294135/-ബിൽ നം. 3/21-22/23.10.21<br>329900/- ബിൽ നം. 5/21-22/23.11.21<br>1090125/- ബിൽ നം. 6/21-22/24.12.21<br>425000/- ബിൽ നം. 7/21-22/30.12.21<br>1168590/-ബിൽ നം. 8/21-22/20.01.22<br>262150/- ബിൽ നം. 9/21-22/11.02.22<br>131404/- ബിൽ നം. 10/21-22/08.03.22<br>44500/- വൗച്ചർ നം.22100088/30.03.22 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ തുക ചെലവുചെയ്തിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠന സഹായികൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെ 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

മേൽ പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ മാനസിക വൈകല്യവും ശാരീരിക വൈകല്യം നേരിടുന്ന ചില വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുകയിലും കൂടുതൽ നൽകിട്ടുള്ളതായി വ്യക്തമായി. (മാനസിക വൈകല്യം ആകെ 60050 രൂപ അധികം, ശാരീരിക വൈകല്യം ആകെ 81600 രൂപ അധികം ). വിശദാംശങ്ങൾ ഖണ്ഡിക 3-5 ൽ ചേർത്തിട്ടുണ്ട്.

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്കോളർഷിപ്പ് നൽകിയത് രേഖപ്പെടുത്താനായി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. രജിസ്റ്ററിൽ തുക നൽകിയതിന്റെ ബിൽ/ വൗച്ചർ നമ്പർ ചേർത്തിട്ടില്ല.
സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക (60050+81600=141650) നൽകിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/24.02.23) രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ തുക തിരിച്ചീടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക (141650/-) തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ (ജനറൽ) 44/22 |
| അടങ്കൽ | 756720/- |
| ചെലവ് | 181720 (തനത് ഫണ്ട്) |

| | |
|---|---|
| ബിൽ /വൌച്ചർ നമ്പർ | 22100690/30.03.22 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

The Kerala State Handicaped Persons Welfare Corporation Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് മേൽ ചെലവു തുക ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 . സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് (Inv No. 060/21-22 Dtd 19.01.22) പ്രകാരം ജി എസ് ടി ഉൾപ്പെടെ ആകെ തുക 756120/- രൂപയാണ്. 21-22 സാമ്പത്തിക വർഷം സ്ഥാപനത്തിന് നൽകിയിട്ടുള്ള 181720 രൂപക്ക് ഏതെല്ലാം ഉപകരണങ്ങൾ ലഭ്യമായി എന്ന് വ്യക്തമല്ല.

2. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3. ലഭ്യമാക്കിയ വിതരണ ലിസ്റ്റ് പ്രകാരം 37 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കൈപറ്റിയ ആളുടെ പേരും ഒപ്പും മാത്രമാണ് രജിസ്റ്ററിൽ ഉള്ളത്. ക്യാമ്പ് നടത്തി ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിന്റെ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും ലിസ്റ്റിൽ രേഖപ്പെടുത്തിയ ഉപകരണങ്ങൾ തന്നെയാണോ ഓരോ വ്യക്തിയും കൈപറ്റിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/24.02.23) മുഴുവൻ ഉപകരണങ്ങളും സാമ്പത്തിക വർഷം തന്നെ ലഭ്യമായിട്ടുണ്ടെന്നും പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക ലഭ്യമല്ലാത്തതിനാൽ ബാക്കി തുക അടുത്ത സാമ്പത്തിക വർഷം നൽകിയെന്നും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക (181720 രൂപ ) തടസ്സം ചെയ്യുന്നു.

## 1-17 പോഷകാഹാര വിതരണം -അപാകതകൾ

| | | |
|---|---|---|
| പ്രൊജക്റ്റ് | അങ്കണവാടി അനുപൂരക പോഷകാഹാരം<br>ജനറൽ (38/22) | അങ്കണവാടി അനുപൂരക പോഷകാഹാരം<br>എസ് സി(40/22) |
| അടങ്കൽ | 7000000 | 500000 |
| ചെലവ് | 2000000 (പൊതുവിഭാഗം)<br>3000000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>1999983(തനത് ഫണ്ട്) | 443143 (എസ് സി പി) |
| നിർവ്വഹണോദ്യോഗസ്ഥ - | ഐസിഡിഎസ് സൂപ്പർവൈസർ | |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ അംഗനവാടികളിൽ പോഷകാഹാര വിതരണത്തിന വേണ്ടിയാണ് മേൽ ചെലവ് തുക ഉപയോഗിച്ചിട്ടുള്ളത്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പോഷകാഹാരം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി വിവിധ കുടുംബശ്രീ യുണിറ്റുകൾ (അൽ അമീൻ ന്യൂട്രിമിക്സ്, കീർത്തി ന്യൂട്രിമിക്സ്, ആനന്ദം ന്യൂട്രിമിക്സ്, പവിത്രം ന്യൂട്രിമിക്സ് ) ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ്, ഗ്രാവി പ്രോ, ന്യൂട്രിമാം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളെ വിതരണത്തിനുള്ള ഏജൻസിയായി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല വിതരണത്തിന് ഈ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടും ഇല്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ

രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

ഇൻവോയ്സിൽ സ്റ്റോക്കിൽ ചേർത്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി(28/24.02.23) ക്ക് പോഷകാഹാര വിതരണ സ്ഥാപനങ്ങളെ ഭരണസമിതി അംഗീകാരം വാങ്ങുന്നതിനും കരാർവെക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്നും നിലവിൽ പോഷകാഹാരം പരിശോധന നടത്തുന്നുണ്ടെന്നും മറ്റു അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
പോഷകാഹാരം ലഭ്യമാകുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ഇൻവോയ്സിൽ രേഖപ്പെടുത്തേണ്ടതും പ്രൊഡക്ടുകളുടെ സാമ്പിളുകൾ കൃത്യമായി പരിശോധന നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മരുന്നുകൾ ലഭ്യമായില്ല

വണ്ടൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി മെഡിക്കൽ സെന്റർ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതി പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 173094 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെയായിട്ടും പ്രസ്തുത തുകക്കുള്ള മരുന്ന ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | |
|---|---|
| പരിരക്ഷ (19/22) | |
| ബിൽ റഫറൻസ് നമ്പർ 211504520214006977 20/5.1.22 | തുക 173094 |
| പ്രഫോർമ ഇൻവോയ്സ് 3235/6.11.21 | തുക 150000 |
| പ്രഫോർമ ഇൻവോയ്സ് 3236/6.11.21 | തുക 23094 |
| ആകെ | 173094 |

ഓഡിറ്റ് എൻക്വയറി - 26/21-22/24.2.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് VAT ഉൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST കോമ്പൻസേഷൻ

ആയി 12% എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുമുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത്. ഇക്കാര്യം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | അധികം നൽകിയ തുക 5% |
|---|---|---|
| കുളി പറമ്പ് അംഗൻ വാടി പുനരുദ്ധാരണം (316/22)<br>ബിൽ 2115145201810151353З/30.3.22<br>തുക 310000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>തനത് ഫണ്ട് ചെക്ക് /30.3.200<br>തുക 20254<br>കരാർ 104/25.1.2022<br>അളവ് പുസ്തകം 104/21-22<br>കൺവീനർ. ശ്രീമതി മുനീറ<br>കോസ്റ്റ് ഇൻഡക്സ് 36.44% | 294870 | 13715<br>294870x5/107.5 |
| വാണിയമ്പലം GLP സ്കൂൾ പുനരുദ്ധാരണം (324/22)<br>ബിൽ 21151452018101452804/25.3.22<br>തുക 494930 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>കരാർ 103/25.1.2022<br>അളവ് പുസ്തകം 103/21-22<br>കൺവീനർ. ശ്രീ. വിജയകുമാർ.കെ<br>കോസ്റ്റ് ഇൻഡക്സ് 36.44% | 441902 | 20554<br>441902x5/107.5 |
| GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം (330/22)<br>ബിൽ 21151452018101506554/29.3.22<br>തുക 477341<br>കരാർ 105/25.1.2022 | 426198 | 19823<br>426198x5/107.5 |

| | | |
|---|---|---|
| അളവ് പുസ്തകം 105/21-22<br>കൺവീനർ. ശ്രീ. ശശി കുമാർ. എം<br>കോസ്റ്റ് ഇൻഡക്സ് 36.44% | | |
| മാടശ്ശേരി അംഗൻവാടി പുനരുദ്ധാരണം (325/22)<br>ബിൽ 2115145201810151348০/30.3.22<br>തുക 325511<br>കരാർ 133/17.2.2022<br>അളവ് പുസ്തകം 133/21-22<br>കൺവീനർ. ശ്രീമതി ഗംഗാലക്ഷ്മി<br>കോസ്റ്റ് ഇൻഡക്സ് 36.44% | 290635 | 13517<br>290635x5/107.5 |
| | ആകെ | 33340 |

ഓഡിറ്റ് എൻക്വയറി - 13/21-22/23.2.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 1-20 കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളുടെ ഭാഗമായി കിണറിന്റെ മുകളിൽ ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള 137.15/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | പൊട്ടിപ്പാറ പൊതു കിണർ റിപ്പയർ ( 255/22)<br>ബിൽ 21151452018101494584/27.3.22<br>തുക 81325<br>കരാർ 186/26.2.2021 എസ്റ്റിമേറ്റ് നിരക്ക്<br>സാങ്കേതികാനുമതി 97148/16.2.2021<br>അളവ് പുസ്തകം 18/20-21<br>കോൺട്രാക്ടർ ശ്രീ.ആബിദ് കോയ<br>കോസ്റ്റ് ഇൻഡക്സ് 31.06% | 142.4/Kg | 19530<br>@137.15/Kg | 16041<br>@112.65/Kg | 3908<br>(3489+419) |

ഓഡിറ്റ് എൻക്വയറി - 4/21-22/20.2.2023 നൽകിയതിന് - കിണർ ഗ്രിൽ വർക്കിന് ജനൽ വർക്കിനേക്കാൾ കൂടുതൽ വെൽഡിങ് ആവശ്യമായി വരുന്നതിനാലും 9.48.1 ൽ പറയുന്ന പോലെ Ms Flatഉപയോഗിച്ചാണ് ഈ പ്രവൃത്തിയും ചെയ്തിട്ടുണ്ട് എന്നതിനാലാണ് പ്രസ്തുത നിരക്ക് നൽകിയത് എന്ന് മറുപടി ലഭ്യമാക്കി.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി വസ്തുതാപരമല്ല.

1. 10.25.2 പ്രകാരമുള്ള ഡാറ്റ ഗ്രേറ്റിങ്, ലാഡർ, റെയിലിങ്സ്, ഗെയ്റ്റ്സ് സമാന പ്രവൃത്തികൾ എന്നിവക്കുള്ളതാണ്. ഗെയ്റ്റിന് സമാനമായ പ്രവൃത്തിയാണ് കിണറിന് മുകളിൽ സ്ഥാപിക്കുന്ന ഗ്രിൽ നിർമ്മാണം എന്ന് വ്യക്തമാണ്.

2. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്.

3. 9.48.1 പ്രകാരമുള്ള ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Opening/Wooden Frames) ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ് എന്ന് വ്യക്തമായിതന്നെ പരാമർശിച്ചിട്ടുണ്ട്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 3908 രൂപ ഈടാക്കേണ്ടതാണ്. അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-21 GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം എന്ന പേരിൽ ഓഡിറ്റ് വർഷത്തിൽ രണ്ട് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിന്റെ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം (330/22) എന്ന പ്രവൃത്തിയിൽ ഉൾപെടുത്തിയി സ്കൂളിന്റെ ഓഡിറ്റോറിയത്തിന്റെ തറയിൽ നിന്ന് മണ്ണ് നീക്കം ചെയ്ത് ക്വാറി മക്ക് നിറച്ച ശേഷം സിമന്റ് കോൺക്രീറ്റ് കട്ട വിരിച്ചിട്ടുണ്ട്. സാധാരണ റോഡ് പ്രവൃത്തികളുടെ ഭാഗമായി ചളി നിറഞ്ഞ പ്രദേശങ്ങളിൽ സബ് ബേസ് ബലപ്പെടുത്തുന്നതിനാണ് ക്വാറി മക്ക് വിരിക്കാറുള്ളത്. നിലവിൽ ഷീറ്റ് മേഞ്ഞ ഓഡിറ്റോറിയത്തിൽ അത്തരം ഒരു സാധ്യത ഇല്ല എന്ന് വ്യക്തമാണ്.

2. GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം (264/22) എന്ന പ്രവൃത്തിയിൽ ഉൾപെടുത്തി ഏപ്രിൽ 2021 ൽ ഇതേ ഓഡിറ്റോറിയത്തിന്റെ തറയിൽ 45cm കനത്തിൽ മണ്ണ് നിറച്ചിരുന്നു. 20mm കനത്തിൽ വിവിധ ലെയറുകളായി വെള്ളം നനച്ച് കോംപാക്ട് ചെയ്ത് ഉറപ്പിച്ചായിരുന്നു ഈ മണ്ണ് നിറച്ചിരുന്നത്. അത് കൊണ്ട് തന്നെ ഈ പ്രതലം നല്ല ഉറപ്പുള്ളതാകും എന്ന് വ്യക്തമാണ്.

ഈ പ്രവൃത്തിക്ക് 407.92/$m^3$ പ്രകാരം 27836 രൂപ ചെലവ് വന്നിരുന്നു.

3.ഓഡിറ്റോറിയത്തിൽ സിമന്റ് കോൺക്രീറ്റ് കട്ട വിരിക്കാനായി 35cm വരെ കനത്തിൽ മണ്ണ് നീക്കം ചെയ്ത ശേഷമാണ് ക്വാറി മക്ക് വിരിച്ചിട്ടുള്ളത്. മണ്ണ് നീക്കം ചെയ്തതിന് 102.48/$m^2$ പ്രകാരം 19670 രൂപ ചെലവ് വന്നിട്ടുണ്ട്. ഇങ്ങിനെ മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യം എന്താണെന്ന് എസ്റ്റിമേറ്റിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. നേരത്തെ മണ്ണ് നിറച്ച് കോംപാക്ട് ചെയ്തുറപ്പിച്ച ഇവിടെ പ്രതലം ശരിപ്പെടുത്തുന്നതിനുള്ള (Surface Dressing Of The Ground) DSR പ്രകാരമുള്ള നിരക്ക് (18.24/$m^2$ ) നൽകിയാൽ മതിയായിരുന്നു. ഈ പ്രവൃത്തിക്ക് അപ്രകാരം തുക നൽകിയിരുന്നെങ്കിൽ 3078 രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ.

4. ഈ പ്രവൃത്തിയിൽ ഉപയോഗിച്ച 60mm കനത്തിലുള്ള കോൺക്രീറ്റ് കട്ട വിരിക്കുന്നതിന് മുമ്പായി 5mm കനത്തിൽ ബെഡ് തയ്യാറാക്കുന്നതിന് പ്രത്യേക നിരക്ക് ഡാറ്റയിൽ തന്നെ ഉൾകൊള്ളിച്ചിട്ടുള്ളതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക (12%GST അടക്കം) |
|---|---|---|---|
| 1 | GLP സ്കൂൾ പഴേടം പനംപൊയിൽ പുനരുദ്ധാരണം ( 330 /22)<br>ബിൽ 21151452018101506554/29.3.2022 തുക 477341 ( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>സാങ്കേതികാനുമതി 99156/22.2.2021<br>കരാർ 105/25.1.2022 അളവ് പുസ്തകം 105/21-22<br>കൺവീനർ. ശ്രീ. ശശി കുമാർ. എം<br>കോസ്റ്റ് ഇൻഡക്സ് 36.44% | ക്വാറി മക്ക് 16.874$m^3$ | 15944 (14236+1708) @843.68/$m^3$ |
| | | മണ്ണ് നീക്കം ചെയ്യൽ 168.743$m^2$ | 19368 (17293+2075) @102.48/$m^2$ |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി - 18 /21-22/24.2.2023 നൽകിയതിന് ഏകദേശം നാഞ്ഞൂറോളം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂൾ ഓഡിറ്റോറിയത്തിൽ കട്ട പതിക്കാനായി സബ് ബേസ് ബലപ്പെടുത്തുന്നതിന് ക്വാറി മക്ക് നിറച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി.

1. നിലവിൽ ഷീറ്റ് മേഞ്ഞ ഓഡിറ്റോറിയത്തിന്റെ തറയിൽ 45cm കനത്തിൽ മണ്ണ് നിറച്ചിരുന്നു. 20mm കനത്തിൽ വിവിധ ലെയറുകളായി വെള്ളം നനച്ച് കോംപാക്ട് ചെയ്ത് ഉറപ്പിച്ചായിരുന്ന ഈ മണ്ണ് നിറച്ചിരുന്നത്. അത് കൊണ്ട് തന്നെ ഈ പ്രതലം നല്ല ഉറപ്പുള്ളതാകും എന്ന് വ്യക്തമാണ്. കൂടാതെ മേൽക്കൂര ഉള്ളതിനാൽ മഴ വെള്ളം വീഴാനും അത് വഴി ചെളി കെട്ടി നിൽകാനുമൊന്നും സാധ്യത ഇല്ലാത്തതിനാൽ ഇവിടെ സബ് ബേസ് ബലപ്പെടുത്തുന്നതിന് ക്വാറി മക്ക് നിറച്ചിട്ടുണ്ട് എന്ന മറുപടി സംശയാസ്പദമാണ്.

2. ഓഡിറ്റ് കാലയളവിൽ തന്നെ നിർവ്വഹണം നടത്തിയ പരുമുണ്ടശ്ശേരി ദേവീക്ഷേത്രം റോഡ് കട്ട പതിക്കൽ (248/22) എന്ന പ്രവൃത്തിയുടെ ഭാഗമായി റോഡിൽ കട്ട വിരിച്ചിട്ടുണ്ട്. വാഹന ഗതാഗതത്തിനുള്ള പ്രസ്തുത റോഡിൽ പോലും കട്ട വിരിക്കുന്ന പ്രവൃത്തിയിൽ ക്വാറി മക്ക് ഉപയോഗിച്ചിട്ടില്ല.

3. കട്ട വിരിക്കുന്നതിന് മുമ്പായി മണ്ണ് നീക്കം ചെയ്തതിനും (Earth Work Excavation ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. ക്വാറി മക്ക് വിരിക്കുന്നതിന് ചെലവഴിച്ച തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-22 മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 33015 രൂപ തിരിച്ചടവാക്കി

1.അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികം നൽകിയ 28271 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വരമ്പൻ കല്ല് വി.സി.ബി പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി റോഡ് നിർമ്മാണത്തിന് സിമന്റ് കോൺക്രീറ്റ് ചെയ്തത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം മുഴുവനായും ചെയ്തിട്ടില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഇക്കാര്യം സ്ഥല പരിശോധന റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിലെ 3 ഓവർസിയർമാരും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി 19/21-22/24.2.2023 നൽകിയതിനെ തുടർന്ന് അധികം നൽകിയ 28271 രൂപ 1220803433/G100306 തീയ്യതി 25.2.2023 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

2.സിമന്റ് കോൺക്രീറ്റ് - അധികം നൽകിയ 4744 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ബെഡ് കോൺക്രീറ്റിനായി സിമന്റ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ പ്രകാരം സെന്ററിങ് ഉൾപെടെയുള്ള നിരക്കാണ് നല്കിയിട്ടുള്ളത്.

എന്നാൽ ഈ പ്രവൃത്തികളിൽ മണ്ണ് കിളച്ചെടുത്ത സ്ഥലത്ത് അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയത് ഈടാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14 /21-22/22.2.2023 നൽകിയതിനെ തുടർന്ന് അധികം നൽകിയ 4744 രൂപ 1220803441/G100306 തീയ്യതി 25.2.2023 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

## 1-23 റോഡിൽ കട്ട പതിക്കൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെരുമുണ്ടശ്ശേരി ദേവീക്ഷേത്രം റോഡ് കട്ട പതിക്കൽ എന്ന പ്രവൃത്തിയുടെ ഇനം രണ്ട് ആയി പ്രസ്തുത റോഡിൽ 149.24$m^2$ ഏരിയയിൽ 60mmകനത്തിലുള്ള കോൺക്രീറ്റ് കട്ട (Coloured Inter Locking C.C Paver Block ) വിരിച്ചതിന് 1130.20/$m^2$നിരക്കാണ് നൽകിയിട്ടുള്ളത്.

ഈ ഇനത്തിന്റെ ഡാറ്റ തയ്യാറാക്കിയത് DSR പ്രകാരമുള്ള കോൺക്രീറ്റ് കട്ട വിരിക്കുന്നതിനുള്ള നിരക്കിന്റെ കൂടെ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം 10% ഓവർ ഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭ വിഹിതവും ചേർത്താണ്. എന്നാൽ റോഡിൽ കോൺക്രീറ്റ് കട്ട വിരിക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ - കോഡ് 6.7.1 , 6.7.2 - നിരക്ക് ഉള്ളതാണ് . കോൺക്രീറ്റ് കട്ടക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഡാറ്റയിൽ ഉൾപെടുത്തിയ നിരക്കും (Rs.792.91 -കരാറുകാരന്റെ ലാഭ വിഹിതം, ഓവർ ഹെഡ് ചാർജ്, കോസ്റ്റ് ഇൻഡക്സ് ഉൾപെടെ) മോർഡ് സ്പെസിഫിക്കേഷൻ

ഡാറ്റയിലെ കൂലി, അനുബന്ധ നിരക്കുകൾ എന്നിവ ചേർത്താൻ (Rs.180.89 -കരാറുകാരന്റെ ലാഭ വിഹിതം, ഓവർ ഹെഡ് ചാർജ്, കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് 973.80/$m^2$ ആണ്. കൂടിയ നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | പരുമുണ്ടശ്ശേരി ദേവീക്ഷേത്രം റോഡ് കട്ട പതിക്കൽ ( 248/22)<br>ചെക്ക് 5303348/31.8.2021<br>തുക 167259<br>കരാർ 104/5.11.2020 (16.3% കുറവ്)<br>സാങ്കേതികാനുമതി 26408/4.6.2020<br>അളവ് പുസ്തകം 104/20-21<br>കോൺട്രാക്ടർ ശ്രീ.സഫറുള്ള<br>കോസ്റ്റ് ഇൻഡക്സ് 31.06% | 149.24$m^2$ | 141178<br>@945.98/$m^2$<br>16.3% ടെണ്ടർ കുറവിന് ശേഷം നൽകിയ തുക. എസ്റ്റിമേറ്റ് നിരക്ക്<br>@1130.20/$m^2$ | 121641<br>@815.07/$m^2$<br>16.3% ടെണ്ടർ കുറവിന് ശേഷം നൽകിയ തുക. എസ്റ്റിമേറ്റ് നിരക്ക്<br>@973.80/$m^2$ | 21881 (19537+2344) |

കുറിപ്പ് - Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ചാണ് ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. സാധാരണ രീതിയിലുള്ള സിമന്റ് കോൺക്രീറ്റ് കട്ട 60mmകനത്തിലുള്ളതിന് മോർഡ് സ്പെസിഫിക്കേഷൻപ്രകാരം 350 രൂപ മാത്രമാണുള്ളത്. ഇത് ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കാതെ മുകളിൽ പരാമർശിച്ച സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് 33000 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ പ്രവൃത്തിയിൽ Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ചതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി - 3/21-22/20.2.2023 നൽകിയതിന് - വീടുകൾക്കും ക്ഷേത്രത്തിനും ഉപകാരപ്പെടുന്ന രീതിയിൽ റോഡ് ഇന്റർലോക്ക് ചെയ്യുകയാണുണ്ടായതെന്നും, പ്രസ്തുത റോഡ് അമ്പലവും കൂടി ഉപയോഗിക്കുന്നതിനാൽ ഉത്സവ സമയത്ത് ആനകളും, കൂടുതൽ ആളുകളും ഉപയോഗപ്പെടുത്തുന്നതിനാൽ കൂടുതൽ കാലം ഈട് നിൽകുന്നതിന് വേണ്ടി കനം കൂടിയ കട്ട ഉപയോഗിച്ചു എന്ന് മറുപടി ലഭ്യമാക്കി.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി വസ്തുതാപരമല്ല.

1. ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത് 60mmകനത്തിലുള്ള കോൺക്രീറ്റ് കട്ട (Coloured Inter Locking C.C Paver Block ) ആണ് DSR കോഡ് 7773. പ്രസ്തുത ഇനത്തിനായി തയ്യാറാക്കിയ ഡാറ്റയിൽ ഇത് വ്യക്തമാണ്.

2. ഈ പ്രവൃത്തിക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് ഉപയോഗിക്കാതെ DSR പ്രകാരമുള്ള നിരക്ക് എടുത്ത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭ വിഹിതവും നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. റോഡിൽ സാധാരണ രീതിയിലുള്ള സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിക്കാതെ Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) ഉപയോഗിച്ചതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 21881 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-24 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേതന കാൻസർ ആശുപത്രി റോഡിൽ കൈവരി സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ ഭാഗമായി റോഡ് സൈഡിൽ ശരാശരി 80cm ഉയരത്തിൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള കൈവരികൾ സ്ഥാപിച്ചതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 13.1.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനം RCC പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. ഇവിടെ സ്റ്റീൽ ഉപയോഗിക്കാതെയുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ കോഡ് 12.5.2.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. 5 മീറ്റർ വരെ ഉയരമുള്ള സൂപ്പർ സ്ട്രക്ചർ പ്രവൃത്തികളും സെന്ററിങ് പ്രവൃത്തി ചെയ്യുന്നതിന് സ്റ്റേജ് ആവശ്യമുള്ളവയുമായ RCC പ്രവൃത്തികൾക്കാണ് 13.1.1.1 പ്രകാരമുള്ള നിരക്ക് നൽകേണ്ടത്. റോഡ് നിരപ്പിൽ നിന്ന് ഒരു മീറ്റർ പോലും ഉയരമില്ലാത്ത ഈ പ്രവൃത്തികൾക്ക് കോഡ് 12.5.2.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|
| ചേതന കാൻസർ ആശുപത്രി റോഡിൽ കൈവരി സ്ഥാപിക്കൽ ( 254/22)<br>ബിൽ 21151452018100417490/16.9.2021 തുക 126946<br>സാങ്കേതികാനുമതി 87282/27.12.2020<br>കരാർ 142/4.2.2021 (15.11% Below)<br>കോൺട്രാക്ടർ. ശ്രീ.ഷാഹുൽ ഹമീദ്<br>അളവ് പുസ്തകം 72/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14.87$m^3$ | 114221<br>@7681.31/ $m^3$<br>(15.11% കുറവ്. എസ്റ്റിമേറ്റ് നിരക്ക്<br>@9048.55 /$m^3$) | 100802<br>@6778.88/$m^3$<br>@7985.49/$m^3$ | 15029<br>(13419+1610) |

ഓഡിറ്റ് എൻക്വയറി 9/21-22/22.2.2023 നൽകിയതിന് - ഒരു വശത്ത് നിന്നുള്ള ക്വാറിയിൽ നിന്നുള്ള റോഡ് സംരക്ഷണത്തിനായി സിമന്റ് കോൺക്രീറ്റ് പാരപ്പെറ്റ് നൽകുകയാണുണ്ടായതെന്നും ഇവിടെ 6 മീറ്റർ വരെ ഉയരമുണ്ടെന്നും പല നീളത്തിലും ഉയരത്തിലുമുള്ള പാരപ്പെറ്റ് ആയതിനാൽ ഷട്ടറിങ് പ്രവൃത്തി ബുദ്ധിമുട്ടേറിയതാണെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി സ്വീകാര്യമല്ല.

1. ഈ പ്രവൃത്തിക്ക് നൽകിയ നിരക്ക് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനുള്ളതാണ് (RCC) . എന്നാൽ ചെയ്ത പ്രവൃത്തി സിമന്റ് കോൺക്രീറ്റ് മാത്രമാണ്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും കമ്പി ഒരിനമായി ഉൾപെടുത്തിയിട്ടില്ല. മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റും കമ്പി ഇല്ലാതെയുള്ള സിമന്റ് കോൺക്രീറ്റ് (Plane Cement Concrete) ഉം തമ്മിൽ മെറ്റീരിയലിലും കൂലി ചെലവിലും വലിയ വ്യത്യാസമുണ്ട്.

2. ഈ പ്രവൃത്തി റോഡ് സൈഡിലായതിനാലും കോൺക്രീറ്റിന്റെ ഉയരം ഒരു മീറ്ററിൽ കുറവ് മാത്രമായതിനാലും റോഡിൽ നിന്ന് തന്നെ ചെയ്യാവുന്നതാണിത്. ഇതിന് സബ് സ്ട്രക്ചർ പ്രവൃത്തിക്കുള്ള നിരക്ക് മാത്രം നൽകിയാൽ മതി.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 15029 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-25 വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി -അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (എസ്.സി)

നം : S0022/2022

അടങ്കൽ - 34,50,000 (തനത് ഫണ്ട്-8,37,600; SCP- 26,12,400)

ബിൽ നം. 24/17-02-2022 : 4,00,000

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എസ്.സി. വിഭാഗത്തിൻെറ വീട് വാസയോഗ്യമാക്കലിന് 50,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അസി.എഞ്ചിനീയർ ലഭ്യമാക്കിയ Valuation Certificate നേക്കാൾ അധികം തുക നൽകിയിട്ടുണ്ട് -

| ക്ര.നം. | പേര് | Valuation Certificate പ്രകാരം ചെയ്ത പ്രവൃത്തി മൂല്യം | നൽകിയ തുക | അധികം |
|---|---|---|---|---|
| 1 | ശ്രീ. ഭാസ്കരൻ സി.കെ. | 35,000 | 50,000 | 15,000 |
| 2 | ശ്രീമതി കല്യാണി മീമ്പറ്റ | 38,000 | 50,000 | 12,000 |
| 3 | ശ്രീ. രവി ചെണ്ണേൻ | 36,000 | 50,000 | 14,000 |
| 4 | ശ്രീമതി കാളി മടശ്ശേരി | 38,000 | 50,000 | 12,000 |
| 5 | ശ്രീ. കറപ്പൻ കുറ്റഞ്ചീരി | 36,000 | 50,000 | 14,000 |
| 6 | ശ്രീമതി കാളി ടി, തോങ്ങോടൻ | 38,000 | 50,000 | 12,000 |
| 7 | ശ്രീ. മുകുന്ദൻ, പറപ്പൂർ | 37,000 | 50,000 | 13,000 |
| 8 | ശ്രീമതി അമ്മിണി, മടക്കര | 37,000 | 50,000 | 13,000 |
| | ആകെ | | | 1,05,000 |

അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ തുക അധികം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ, ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നോ ഈടാക്കേണ്ടതാണ്.
31/25-02-2023-ാം നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 വീട് വാസയോഗ്യമാക്കൽ പദ്ധതി- പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (ജനറൽ)

നം : S0020/2022

അടങ്കൽ - 64,40,000 (തനത് ഫണ്ട്)
ചെലവ് -61,25,000

വൗച്ചർ നം. 22100552/02-03-2022 : 4,90,000

വൗച്ചർ നം. 22100542/26-02-2022 : 11,90,000

വൗച്ചർ നം. 22100512/21-02-2022 : 15,75,000

വൗച്ചർ നം. 22100660/19-03-2022 : 6,65,000

വൗച്ചർ നം. 22100667/22-03-2022 : 4,55,000

വൗച്ചർ നം. 22100618/11-03-2022 : 11,55,000

വൗച്ചർ നം. 22100730/31-03-2022 : 4,55,000

വൗച്ചർ നം. 22100749/31-03-2022 : 1,40,000

2. പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (എസ്.സി)

നം : S0022/2022

അടങ്കൽ - 34,50,000 (തനത് ഫണ്ട്-8,37,600; SCP- 26,12,400)
ചെലവ് -31,50,000

ബിൽ നം. 24/17-02-2022 : 4,00,000

ബിൽ നം. 33/28-02-2022 : 7,00,000

ബിൽ നം. 34/14-03-2022 : 10,00,000

ബിൽ നം. 35/18-03-2022 : 5,12,400

വൗച്ചർ നം. 22100669/22-03-2022 : 3,50,000

വൗച്ചർ നം. 22100658/19-03-2022 : 87,600

വൗച്ചർ നം. 22100722/31-03-2022 : 1,00,000

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം ജനറൽ, എസ്.സി. വിഭാഗങ്ങളിലായി വീട് വാസയോഗ്യമാക്കലിന് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)22/2018 തസ്വ.ഭ.വ14.2.2018 ഖണ്ഡിക 6-7 (6) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 1,50,000 രൂപയും നൽകാവുന്നതാണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോ വീടിനുമുള്ള സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ അപ്രകാരം പരിശോധന ഇല്ലാതെ തന്നെ എസ്.സി. ഗുണഭോക്താക്കൾക്ക് 50,000 രൂപയും, ജനറൽ ഗുണഭോക്താക്കൾക്ക് 35,000 രൂപ വീതവും നൽകുവാൻ തീരുമാനിക്കുകയാണ് ചെയ്തിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് മാത്രമാണ് ധനസഹായം നൽകാവുന്നത്. വീട് വാസയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നൽകാവുന്ന സബ്സിഡി തുകയായ 1,00,000/1,50,000 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാൻ നിർദ്ദേശമുള്ള തുക പരിമിതപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/25-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 256പദ്ധതികൾ തയ്യാറാക്കിയതിൽ 200 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 83 സ്പിൽ ഓവർ പ്രൊജക്ടുകൾ തയ്യാറാക്കിയതിൽ 20 എണ്ണം ഈ വർഷവും പൂർത്തീകരിക്കാൻ ആയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 256 | ആകെ അടങ്കൽ | 59434424 |
| നടപ്പിലാക്കിയത് | 200 | ചെലവ് | 40625037 |
| ശതമാനം | 78.13% | ചെലവ് ശതമാനം | 68.35% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, മൂന്ന് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-28 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാറുകാരന്റെ അപേക്ഷയെ തുടർന്ന് ആദ്യം 10.9.2021 വരെയും പിന്നീട് കരാറുകാരൻ വീണ്ടും അപേക്ഷിച്ചതിനെ തുടർന്ന് 10.3.2022 വരെയും നീട്ടി നൽകിയിട്ടുണ്ട്. ഇത് മേൽ ഉത്തരവുകൾക്ക് വിരുദ്ധമാണ്. 31.7.2021 ലെ സ.ഉ (സാധാ) 1444/21 തസ്വഭവ ഉത്തരവ് പ്രകാരം ലോക്ക് ഡൗൺ നിയന്ത്രണങ്ങളെ തുടർന്നുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം ദീർഘിപ്പിച്ച് കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള ആറ് മാസ കാലാവധിയിലും അധികരിച്ച കാലയളവിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കാതെയാണ് കരാറുകാരന് ബിൽ തുക നൽകിയിട്ടുള്ളത്.

സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | കയ്യൻചോല ചെറുകുന്ന് റോഡ് ടാറിങ് (262/22)<br>ചെക്ക് 2121073/30.3.2022 തുക 549493<br>കരാർ 38/10.7.2020 തുക 490618.68<br>അളവ് പുസ്തകം 38/20-21<br>കോൺട്രാക്ടർ ശ്രീ.സജാദ്.കെ.എസ്<br>പൂർത്തീകരണ തീയ്യതി 10.1.2021<br>(കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ 6 മാസം ദീർഘിപ്പിച്ച് നൽകി)<br>പൂർത്തീകരിക്കേണ്ട തീയ്യതി 10.7.2021<br>പൂർത്തീകരിച്ച തീയ്യതി 24.2.2022 | 11.7.2021-10.10.2021 (1%) 4906<br>11.10.2021-10.1.2022 (2%) 9812<br>11.1.2022-24.2.2022 (2%) 4906<br>(45 ദിവസം)<br>ആകെ 19624 |

കുറിപ്പ്. ശരാശരി 3 മീറ്റർ വീതിയിൽ 343 മീറ്റർ ടാറിങ് ആണ് എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ചിട്ടുള്ളത്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി 14.2.2022 ന് ആരംഭിച്ച് 24.2.2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. (11 ദിവസം മാത്രം).

ഓഡിറ്റ് എൻക്വയറി - 5/21-22/20.2.2023 നൽകിയതിന് - കരാറുകാരൻ നൽകിയ മറുപടി അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കി. പ്രസ്തുത കത്തിൽ കരാറുകാരന് കൊറോണ ബാധിച്ചതിനാലും, കോവിഡ് നിയന്ത്രണ സമയത്ത് ട്രയിൻ ഗതാഗതം നിലച്ചതിനാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കേണ്ട അന്യ സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ച് വരാൻ നിർവ്വാഹമില്ലാത്തതിനാലും മഴ കാരണവുമാണ് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ

കഴിയാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ കരാറുകാരൻ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് രണ്ട് തവണ അപേക്ഷ നൽകിയപ്പോഴും അദ്ദേഹം കൊറോണ ബാധിതനാണെന്ന് പരാമർശിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 6 മാസം വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സമയത്തിനകവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ആയതിനാൽ മറുപടി സ്വീകാര്യമല്ല. പിഴ 19624 രൂപ ഈടാക്കേണ്ടതാണ്.

## 1-29 പുതിയ LED ബൾബുകൾ സ്ഥാപിക്കൽ പദ്ധതി- അപാകത

പ്രൊജക്ട് : പുതിയ LED ബൾബുകൾ സ്ഥാപിക്കൽ

നം : S0374/2022

അടങ്കൽ - 13,11,000 (തനത് ഫണ്ട് )

വൗച്ചർ നം. 22100714/31-03-2022 : 12,61,537

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 410 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ തുകയായി 13,08,261രൂപ (TDS 46,724രൂപ ഉൾപ്പടെ) ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. സ്ഥാപിച്ച വിളക്കുകളുടെ ഗുണനിലവാരം പരിശോധിച്ച ടെസ്റ്റ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ 21-03-2022 ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരമാണ് ARTCOയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തത് എന്നാൽ 19-03-2022ന് തന്നെ പ്രസ്തുത സ്ഥാപനത്തിന് എസ്.സി-100/2022 പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

3. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. സ്ഥാപനത്തിന് തുക നൽകിയപ്പോൾ KCWWF ഇനത്തിൽ 1% തുക ഈടാക്കിയിട്ടില്ല.

16/24-02-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഭാവിയിൽ അപാകതകൾ പരിഹരിച്ചു കൊണ്ട് പദ്ധതി നിർവ്വഹിക്കുന്നതാണ് എന്ന് അറിയിച്ചു.
സർക്കാർ നിർദ്ദേശം കൃത്യമായി പാലിച്ച് കൊണ്ട് മാത്രം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-30 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി- അപാകതകൾ

പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

നം : S0102/2022

അടങ്കൽ - 2,00,000 (തനത് ഫണ്ട് )

വൗച്ചർ നം. 22100713/31-03-2022 : 1,96,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പ്രവർത്തിക്കാത്ത വിളക്കുകൾ മാറ്റി പകരം 2X11 W ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച് റിപ്പയർ ചെയ്യുന്നതിന് കരാറുകാരനായ ശ്രീ. ഷിഹാബുദ്ദീൻ.സി ടെണ്ടറിൽ രേഖപ്പെടുത്തിയ തുക 780 രൂപയാണ്. എന്നാൽ, 22-03-2022 ലെ കാഷ് മെമ്മോ പ്രകാരം 250 എണ്ണം വിളക്കുകൾ റിപ്പയർ ചെയ്തതിന്, 800 രൂപ നിരക്കിൽ (TDS 4,000 കുറവ് ചെയ്ത്) 1,96,000 രൂപ കരാറുകാരന് നൽകി.

2. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEB യിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. വിളക്കുകൾ റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ ഏതൊക്കെ പോസ്റ്റുകളിലെ വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/24-02-2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ, അധികം നൽകിയ 5,000 രൂപ കരാറുകാരനിൽ നിന്ന് 1220803390/G100306/24-02-2023-ാം നമ്പർ രശീതി പ്രകാരം തിരികെ ഈടാക്കിയതായും, മറ്റ് അപാകതകൾ പരിഹരിച്ച് കൊണ്ട് ഭാവിയിൽ പദ്ധതി നിർവ്വഹിക്കുന്നതാണ് എന്നും അറിയിച്ചു. സർക്കാർ നിർദ്ദേശം കൃത്യമായി പാലിച്ച് കൊണ്ട് മാത്രം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-31 ബെഡ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ബെഡ് കോൺക്രീറ്റിനായി സിമന്റ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ പ്രകാരം സെന്ററിങ് ഉൾപെടെയുള്ള നിരക്കാണ് നല്കിയിട്ടുള്ളത്.

എന്നാൽ ഈ പ്രവൃത്തികളിൽ മണ്ണ് കിളച്ചെടുത്ത സ്ഥലത്ത് അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല എന്നതിനാൽ സെന്ററിങ് പ്രവൃത്തിക്ക് ഡാറ്റയിൽ ഉൾപ്പെടുത്തിയ 4% തുക കുറവ് ചെയ്താണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST ഉൾപെടെ) |
|---|---|---|---|---|
| ടി.ബി കുന്ന് കൊക്കാടൻകുന്ന് റോഡ് പുനരുദ്ധാരണം (251/22)<br>ബിൽ 2115145201810054618 0/22.10.2021 തുക 123250<br>ഒന്നാം പാർട്ട് ബിൽ 323590 (2020-21 ൽ നൽകിയത്)<br>സാങ്കേതികാനുമതി 95496/12.12.2019<br>കരാർ 120/20.1.2020 (2% Below)<br>കോൺട്രാക്ടർ. ശ്രീ.മുജീബ് റഹ്മാൻ കെ<br>അളവ് പുസ്തകം 72/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 3. സിമന്റ് കോൺക്രീറ്റ് 11.4.1.1<br>$3.053m^3$ | 20870<br>$@6836.03/m^3$<br>(2% കുറവ്. എസ്റ്റിമേറ്റ് നിരക്ക്<br>$@6974.53/m^3$) | 20065<br>$@6572.15/m^3$<br>(2% കുറവ്. നൽകാവുന്ന നിരക്ക്<br>$@6706.28/m^3$ | 902<br>(805+97) |
| | 4. സിമന്റ് കോൺക്രീറ്റ് 12.5.1.1<br>$6.106/m^3$ | 43350<br>$@7099.65/m^3$<br>(2%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>$@7244.54/m^3$) | 40130<br>$@6572.15m^3$<br>2%കുറഞ്ഞ നിരക്ക്<br>നൽകാവുന്ന നിരക്ക്<br>$@6706.28/m^3$ | 3606<br>(3220+386) |
| | | | | 4508 |

ഇനം 4 സബ് സ്ട്രക്ചർ കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഇനം 1 ആയി മണ്ണ് കിളച്ചെടുത്ത അതേ സ്ഥലത്താണ് ഈ പ്രവൃത്തിയും ചെയ്തത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് തന്നെയാണ് ഇതിനും നൽകേണ്ടത്.

ഓഡിറ്റ് എൻക്വയറി 14 /21-22/22.2.2023 നൽകിയതിന് - മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 4508 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-32 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 35/30-03-2022<br>22100602 | പി.എം.എ.വൈ വിഹിതം അടവാക്കൽ (ജനറൽ) | 3,00,000<br>6,80,000 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള രശീതി, തുക ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം |
| 2 | 22100671/23-03-2022 | പ്രൊജക്ട് നം. S0393/22<br>ജില്ലാ പ്ലാനിംഗ് റിസോഴ്സ് സെൻററിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 2,65,000 | ഡി.ഡി.പി, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 12,45,000 | |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 12,45,000 രൂപ തടസ്സം ചെയ്യുന്നു.

## 1-33 തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22100031/12-04-2021 : 9,200

വൗച്ചർ നം. 22100420/17-08-2021 : 1,000

ഹോണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക തനത് ഫണ്ടിൽ നിന്നും 10,200 രൂപ ശ്രീമതി സാജിതാ പി, സാക്ഷരതാ മിഷനിലെ പ്രേരകിന് നൽകിയിട്ടുണ്ട്. ആയത് ജി.ഒ.(ആർ.ടി) നം.626/LSGD/26-02-2021 ലെ നിർദ്ദേശ പ്രകാരം ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S0042/2022

അടങ്കൽ - 5,00,000 (വികസന ഫണ്ട് )

ബിൽ നം. 01/09-03-2022 : 5,00,000

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 5,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ് ) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 5,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡിൽ കട്ട പതിക്കൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെരുമുണ്ടശ്ശേരി ദേവീക്ഷേത്രം റോഡ് കട്ട പതിക്കൽ എന്ന പ്രവൃത്തിയുടെ ഇനം രണ്ട് ആയി പ്രസ്തുത റോഡിൽ 149.24m$^2$ ഏരിയയിൽ 60mmകനത്തിലുള്ള കോൺക്രീറ്റ് കട്ട (Coloured Inter Locking C.C Paver Block ) വിരിച്ചതിന് 1130.20/m$^2$നിരക്കാണ് നൽകിയിട്ടുള്ളത്.

ഈ ഇനത്തിന്റെ ഡാറ്റ തയ്യാറാക്കിയത് DSR പ്രകാരമുള്ള കോൺക്രീറ്റ് കട്ട വിരിക്കുന്നതിനുള്ള നിരക്കിന്റെ കൂടെ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം 10% ഓവർ ഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭ വിഹിതവും ചേർത്താണ്. എന്നാൽ റോഡിൽ കോൺക്രീറ്റ് കട്ട വിരിക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ - കോഡ് 6.7.1 , 6.7.2 - നിരക്ക് ഉള്ളതാണ് . കോൺക്രീറ്റ് കട്ടക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഡാറ്റയിൽ ഉൾപെടുത്തിയ നിരക്കും (Rs.792.91 -കരാറുകാരന്റെ ലാഭ വിഹിതം, ഓവർ ഹെഡ് ചാർജ്, കോസ്റ്റ് ഇൻഡക്സ് ഉൾപെടെ) മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റയിലെ കൂലി, അനുബന്ധ നിരക്കുകൾ എന്നിവ ചേർത്താൻ (Rs.180.89 -കരാറുകാരന്റെ ലാഭ വിഹിതം, ഓവർ ഹെഡ് ചാർജ്, കോസ്റ്റ് ഇൻഡക്സ് ഉൾപെടെ) ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് 973.80/m$^2$ ആണ്. കൂടിയ നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | പരുമുണ്ടശ്ശേരി ദേവീക്ഷേത്രം റോഡ് കട്ട പതിക്കൽ ( 248/22)<br>ചെക്ക് 5303348/31.8.2021<br>തുക 167259<br>കരാർ 104/5.11.2020 (16.3% കുറവ്)<br>സാങ്കേതികാനുമതി 26408/4.6.2020<br>അളവ് പുസ്തകം 104/20-21<br>കോൺട്രാക്ടർ ശ്രീ.സഫറുള്ള<br>കോസ്റ്റ് ഇൻഡക്സ് 31.06% | 149.24m$^2$ | 141178<br>@945.98/m$^2$<br>16.3% ടെണ്ടർ കുറവിന് ശേഷം നൽകിയ തുക. എസ്റ്റിമേറ്റ് നിരക്ക് @1130.20/m$^2$ | 121641<br>@815.07/m$^2$<br>16.3% ടെണ്ടർ കുറവിന് ശേഷം നൽകിയ തുക. എസ്റ്റിമേറ്റ് നിരക്ക് @973.80/m$^2$ | 21881<br>(19537+2344) |

കുറിപ്പ് - Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ചാണ് ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. സാധാരണ രീതിയിലുള്ള സിമന്റ് കോൺക്രീറ്റ് കട്ട 60mmകനത്തിലുള്ളതിന് മോർഡ് സ്പെസിഫിക്കേഷൻപ്രകാരം 350 രൂപ മാത്രമാണുള്ളത്. ഇത് ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കാതെ മുകളിൽ പരാമർശിച്ച സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് 33000 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ പ്രവൃത്തിയിൽ Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിച്ചതിന് എസ്റ്റിമേറ്റിൽ പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി - 3/21-22/20.2.2023 നൽകിയതിന് - വീടുകൾക്കും ക്ഷേത്രത്തിനും ഉപകാരപ്പെടുന്ന രീതിയിൽ റോഡ് ഇന്റർലോക്ക് ചെയ്യുകയാണുണ്ടായതെന്നും, പ്രസ്തുത റോഡ് അമ്പലവും കൂടി ഉപയോഗിക്കുന്നതിനാൽ ഉത്സവ സമയത്ത് ആനകളും, കൂടുതൽ ആളുകളും ഉപയോഗപ്പെടുത്തുന്നതിനാൽ കൂടുതൽ കാലം ഈട് നിൽകുന്നതിന് വേണ്ടി

കനം കൂടിയ കട്ട ഉപയോഗിച്ച എന്ന് മറുപടി ലഭ്യമാക്കി.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി വസ്തുതാപരമല്ല.

1. ഈ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത് 60mmകനത്തിലുള്ള കോൺക്രീറ്റ് കട്ട (Coloured Inter Locking C.C Paver Block ) ആണ് DSR കോഡ് 7773. പ്രസ്തുത ഇനത്തിനായി തയ്യാറാക്കിയ ഡാറ്റയിൽ ഇത് വ്യക്തമാണ്.

2. ഈ പ്രവൃത്തിക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് ഉപയോഗിക്കാതെ DSR പ്രകാരമുള്ള നിരക്ക് എടുത്ത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭ വിഹിതവും നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. റോഡിൽ സാധാരണ രീതിയിലുള്ള സിമന്റ് കോൺക്രീറ്റ് കട്ട ഉപയോഗിക്കാതെ Coloured Inter Locking C.C Paver Block (ചുവപ്പ് കളർ) ഉപയോഗിച്ചതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 21881 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേതന കാൻസർ ആശുപത്രി റോഡിൽ കൈവരി സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ ഭാഗമായി റോഡ് സൈഡിൽ ശരാശരി 80cm ഉയരത്തിൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള കൈവരികൾ സ്ഥാപിച്ചതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 13.1.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനം RCC പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. ഇവിടെ സ്റ്റീൽ ഉപയോഗിക്കാതെയുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ കോഡ് 12.5.2.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. 5 മീറ്റർ വരെ ഉയരമുള്ള സൂപ്പർ സ്ട്രക്ചർ പ്രവൃത്തികളും സെന്ററിങ് പ്രവൃത്തി ചെയ്യുന്നതിന് സ്റ്റേജ് ആവശ്യമുള്ളവയുമായ RCC പ്രവൃത്തികൾക്കാണ് 13.1.1.1 പ്രകാരമുള്ള നിരക്ക് നൽകേണ്ടത്. റോഡ് നിരപ്പിൽ നിന്ന് ഒരു മീറ്റർ പോലും ഉയരമില്ലാത്ത ഈ പ്രവൃത്തികൾക്ക് കോഡ് 12.5.2.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവും. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|
| ചേതന കാൻസർ ആശുപത്രി റോഡിൽ കൈവരി സ്ഥാപിക്കൽ ( 254/22)<br>ബിൽ 21151452018100417490/16.9.2021 തുക 126946<br>സാങ്കേതികാനുമതി 87282/27.12.2020<br>കരാർ 142/4.2.2021 (15.11% Below)<br>കോൺട്രാക്ടർ. ശ്രീ.ഷാഹുൽ ഹമീദ്<br>അളവ് പുസ്തകം 72/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | $14.87m^3$ | 114221<br>@7681.31/ $m^3$<br>(15.11% കുറവ്. എസ്റ്റിമേറ്റ് നിരക്ക് @9048.55 /$m^3$) | 100802<br>@6778.88/$m^3$<br>@7985.49/$m^3$ | 15029<br>(13419+1610) |

ഓഡിറ്റ് എൻക്വയറി 9/21-22/22.2.2023 നൽകിയതിന് - ഒരു വശത്ത് നിന്നുള്ള ക്വാറിയിൽ നിന്നുള്ള റോഡ് സംരക്ഷണത്തിനായി സിമന്റ് കോൺക്രീറ്റ് പാരപ്പെറ്റ് നൽകുകയാണുണ്ടായതെന്നും ഇവിടെ 6 മീറ്റർ വരെ ഉയരമുണ്ടെന്നും പല നീളത്തിലും ഉയരത്തിലുമുള്ള പാരപ്പെറ്റ് ആയതിനാൽ ഷട്ടറിങ് പ്രവൃത്തി ബുദ്ധിമുട്ടേറിയതാണെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ ഈ മറുപടി സ്വീകാര്യമല്ല.

1. ഈ പ്രവൃത്തിക്ക് നൽകിയ നിരക്ക് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനുള്ളതാണ് (RCC) . എന്നാൽ ചെയ്ത പ്രവൃത്തി സിമന്റ് കോൺക്രീറ്റ് മാത്രമാണ്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും കമ്പി ഒരിനമായി ഉൾപ്പെടുത്തിയിട്ടില്ല. മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റും കമ്പി ഇല്ലാതെയുള്ള സിമന്റ് കോൺക്രീറ്റ് (Plane Cement Concrete) ഉം തമ്മിൽ മെറ്റിരിയലിലും കൂലി ചെലവിലും വലിയ വ്യത്യാസമുണ്ട്.

2. ഈ പ്രവൃത്തി റോഡ് സൈഡിലായതിനാലും കോൺക്രീറ്റിന്റെ ഉയരം ഒരു മീറ്ററിൽ കുറവ് മാത്രമായതിനാലും റോഡിൽ നിന്ന് തന്നെ ചെയ്യാവുന്നതാണിത്. ഇതിന് സബ് സ്ട്രക്ചർ പ്രവൃത്തിക്കുള്ള നിരക്ക് മാത്രം നൽകിയാൽ മതി.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ 15029 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-3 ബെഡ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ബെഡ് കോൺക്രീറ്റിനായി സിമന്റ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ പ്രകാരം സെന്ററിങ് ഉൾപെടെയുള്ള നിരക്കാണ് നല്കിയിട്ടുള്ളത്.

എന്നാൽ ഈ പ്രവൃത്തികളിൽ മണ്ണ് കിളച്ചെടുത്ത സ്ഥലത്ത് അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല എന്നതിനാൽ സെന്ററിങ് പ്രവൃത്തിക്ക് ഡാറ്റയിൽ ഉൾപെടുത്തിയ 4% തുക കുറവ് ചെയ്താണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST ഉൾപെടെ) |
|---|---|---|---|---|
| ടി.ബി കുന്ന് കൊക്കാടൻകുന്ന് റോഡ് പുനരുദ്ധാരണം (251/22)<br>ബിൽ 21151452018100546180/22.10.2021 തുക 123250<br>ഒന്നാം പാർട്ട് ബിൽ 323590 (2020-21 ൽ നൽകിയത്) | 3. സിമന്റ് കോൺക്രീറ്റ് 11.4.1.1<br>3.053m$^3$ | 20870<br>@6836.03/m$^3$<br>(2% കുറവ്. എസ്റ്റിമേറ്റ് നിരക്ക്<br>@6974.53/m$^3$) | 20065<br>@6572.15/m$^3$<br>(2% കുറവ്. നൽകാവുന്ന നിരക്ക്<br>@6706.28/m$^3$ | 902<br>(805+97) |
| സാങ്കേതികാനുമതി 95496/12.12.2019<br>കരാർ 120/20.1.2020 (2% Below)<br>കോൺട്രാക്ടർ. ശ്രീ.മുജീബ് റഹ്മാൻ കെ<br>അളവ് പുസ്തകം 72/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 4. സിമന്റ് കോൺക്രീറ്റ് 12.5.1.1<br>6.106/m$^3$ | 43350<br>@7099.65/m$^3$<br>(2%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>@7244.54/m$^3$) | 40130<br>@6572.15m$^3$<br>2%കുറഞ്ഞ നിരക്ക്<br>നൽകാവുന്ന നിരക്ക്<br>@6706.28/m$^3$ | 3606<br>(3220+386) |
| | | | | 4508 |

ഇനം 4 സബ് സ്ട്രക്ചർ കോൺക്രീറ്റിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഇനം 1 ആയി മണ്ണ് കിളച്ചെടുത്ത അതേ സ്ഥലത്താണ് ഈ പ്രവൃത്തിയും ചെയ്തത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് തന്നെയാണ് ഇതിനും നൽകേണ്ടത്.

ഓഡിറ്റ് എൻക്വയറി 14 /21-22/22.2.2023 നൽകിയതിന് - മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 4508 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-4 വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതി -അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ (എസ്.സി)

നം : S0022/2022

അടങ്കൽ - 34,50,000 (തനത് ഫണ്ട്-8,37,600; SCP- 26,12,400)

ബിൽ നം. 24/17-02-2022 : 4,00,000

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എസ്.സി. വിഭാഗത്തിൻെറ വീട് വാസയോഗ്യമാക്കലിന് 50,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അസി.എഞ്ചിനീയർ ലഭ്യമാക്കിയ Valuation Certificate നേക്കാൾ അധികം തുക നൽകിയിട്ടുണ്ട് -

| ക്ര.നം. | പേര് | Valuation Certificate പ്രകാരം ചെയ്ത പ്രവൃത്തി മൂല്യം | നൽകിയ തുക | അധികം |
|---|---|---|---|---|
| 1 | ശ്രീ. ഭാസ്കരൻ സി.കെ. | 35,000 | 50,000 | 15,000 |
| 2 | ശ്രീമതി കല്യാണി മീമ്പറ്റ | 38,000 | 50,000 | 12,000 |
| 3 | ശ്രീ. രവി ചെണ്ണേൻ | 36,000 | 50,000 | 14,000 |
| 4 | ശ്രീമതി കാളി മടശ്ശേരി | 38,000 | 50,000 | 12,000 |
| 5 | ശ്രീ. കറപ്പൻ ക്രുറ്റഞ്ചീരി | 36,000 | 50,000 | 14,000 |
| 6 | ശ്രീമതി കാളി ടി, തോങ്ങോടൻ | 38,000 | 50,000 | 12,000 |
| 7 | ശ്രീ. മുകുന്ദൻ, പറപ്പൂർ | 37,000 | 50,000 | 13,000 |
| 8 | ശ്രീമതി അമ്മിണി, മടക്കര | 37,000 | 50,000 | 13,000 |
| | ആകെ | | | 1,05,000 |

അധികം നൽകിയ സബ്സിഡി തുക 1,05,000രൂപ തിരികെ തുക അധികം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ, ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നോ ഈടാക്കേണ്ടതാണ്.
31/25-02-2023-ാം നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 47/22 |
| അടങ്കൽ | 1845780- പൊതുവിഭാഗം സാധാരണ വിഹിതം<br>334470 തനത് ഫണ്ട് |

| | |
|---|---|
| | 1090125/-ബ്ലോക്ക് പഞ്ചായത്ത്<br>1090125/-ജില്ലാ പഞ്ചായത്ത്<br>ആകെ 4360500 |
| ചെലവ് | 1760640/- പൊതുവിഭാഗം സാധാരണ വിഹിതം<br>44500/- തനത് ഫണ്ട്<br>850539/-ബ്ലോക്ക് പഞ്ചായത്ത്<br>1090125/-ജില്ലാ പഞ്ചായത്ത്<br>ആകെ- 3745804 |
| ബിൽ /വൗച്ചർ നമ്പർ | 294135/-ബിൽ നം. 3/21-22/23.10.21<br>329900/ബിൽ നം. 5/21-22/23.11.21<br>1090125/- ബിൽ നം. 6/21-22/24.12.21<br>425000/- ബിൽ നം. 7/21-22/30.12.21<br>1168590/-ബിൽ നം. 8/21-22/20.01.22<br>262150/- ബിൽ നം. 9/21-22/11.02.22<br>131404/- ബിൽ നം. 10/21-22/08.03.22<br>44500/- വൗച്ചർ നം. 22100088/30.03.22 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ തുക ചെലവുചെയ്തിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠന സഹായികൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെ 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സർക്കാർ നിർദേശമുള്ളതാണ്.

മേൽ പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചില വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുകയിലും കൂടുതൽ നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.മാനസിക വൈകല്യം

| വിദ്യാർത്ഥിയുടെ പേര്/<br>അക്കൌണ്ട് നമ്പർ | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ<br>(നൽകാവുന്ന തുക -28500) | അധികം നൽകിയത് |
|---|---|---|
| റിൻഷാദ്<br>15590100153017 | 17500( ബിൽ നം 3/23.10.21)+<br>16500 (ബിൽ നം 8/20.01.22) = 34000 | 5500 |
| മിൻഹ ഫിറോസ് കെ<br>46168101054798 | 11000(ബിൽ നം 8/20.01.22)+<br>11000(ബിൽ നം 7)+<br>17500 (ബിൽ നം6/24.12.21) = 39500 | 11000 |
| മുഹമ്മദ് യാസീൻ പി<br>67358615669 | 11000(ബിൽ നം 8/20.01.22)+<br>11000 (ബിൽ നം 7)+<br>17500 (ബിൽ നം 6/24.12.21) = 39500 | 11000 |
| ഫൈറൂസ് പി<br>0858101066822 | 23425 (ബിൽ നം 8/20.01.22)+<br>5125 (ബിൽ നം 6/24.12.21)+<br>11000 (ബിൽ നം 7/30.12.21) = 39550 | 11050 |

| | | |
|---|---|---|
| മുഹമ്മദ് റസീൻ ടി<br>67220332518 | 21500 (ബിൽ നം 8/20.01.22) +<br>17500 (ബിൽ നം 6/24.12.21)+<br>7000 (ബിൽ നം 7/30.12.21)= 46000 | 17500 |
| അന്ന ഫാത്തിമ കെ<br>0858120000198 | 28500 (ബിൽ നം 9/11.02.22)+<br>4000 (ബിൽ നം 5/23.11.21) = 32500 | 4000 |
| ആകെ അധികം നൽകിയ തുക | | 60050 |

2.ശാരീരിക വൈകല്യം

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര്/<br>അക്കൌണ്ട് നമ്പർ | പഠിക്കുന്ന ക്ലാസ് | നൽകാവുന്ന തുക | ആകെ നൽകിയ തുക<br>(ബിൽ നമ്പർ 55/23.11.21 & 9/11.02.22) | അധികം |
|---|---|---|---|---|---|
| 1 | ഷഹബാസ് പിപി<br>40168101037339 | BSc | 13000 | 8000+13000 | 8000 |
| 2 | നസ്‌ല പി<br>38100088232 | 10 | 8000 | 4800+8000 | 4800 |
| 3 | നിഹ ഫാത്തിമ കെകെ<br>67348752630 | 6 | 6600 | 4000+6600 | 4000 |
| 4 | ആയിശ റിംന പി<br>40168101054983 | 3 | 5300 | 3200+5300 | 3200 |
| 5 | ഫിദ ഫാത്തിമ കെ<br>15590100123374 | 5 | 6600 | 4000+6600 | 4000 |
| 6 | അഖിൽ കൃഷ്ണൻ ടി<br>15590100070674 | 9 | 8000 | 4800+8000 | 4800 |
| 7 | മുഹമ്മദ് ഫസീഹ് ഇകെ<br>1559010066340 | 3 | 5300 | 3200+5300 | 3200 |
| 8 | അഷ്ഫിൻ എപി<br>67397332946 | 5 | 6600 | 4000+6600 | 4000 |
| 9 | ഇഫ<br>40168101037302 | 4 | 5300 | 3200+5300 | 3200 |
| 10 | വാജിദ് ടി പി<br>4363001500521129 | 8 | 6600 | 4000+6600 | 4000 |
| 11 | ലിബിൻ കെ<br>67202605057 | 10 | 8000 | 4800+8000 | 4800 |
| 12 | അശ്വതി കെ<br>0858108063925 | 5 | 6600 | 4000+6600 | 4000 |

| | | | | | |
|---|---|---|---|---|---|
| 13 | അക്ഷയ് പി 6394875695 | 8 | 6600 | 4000+6600 | 4000 |
| 14 | അക്ഷയ് കൃഷ്ണ ടി 090191200820126 | 7 | 6600 | 4000+6600 | 4000 |
| 15 | ഹൈഫ കെ 40168101065129 | 2 | 5300 | 3200+5300 | 3200 |
| 16 | മുഹമ്മദ് അഹ്നാസ് എകെ 0858101069556 | 1 | 5300 | 3200+5300 | 3200 |
| 17 | സൽമാൻ ഫാരിസ് 090191200820487 | +2 | 8000 | 4800+8000 | 4800 |
| 18 | മുഹമ്മദ് ഹംദാൻ 0515053000009662 | 3 | 5300 | 3200+5300 | 3200 |
| 19 | ഫർഹാന സി 090191200820363 | 6 | 6600 | 4000+6600 | 4000 |
| 20 | നഷ്മർ 40168101081464 | 4 | 5300 | 3200+5300 | 3200 |
| ആകെ അധികം നൽകിയ തുക | | | | | 81600 |

സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക (60050+81600=141650) നൽകിയതിനു കാരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/24.02.23 അധികം നൽകിയ തുക തിരിച്ചീടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക (141650/-) ഗുണഭോക്താക്കളിൽ നിന്നും തിരിച്ചടവാക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നു തിരിച്ചീടാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 17.02.2023-18.02.2023 | റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 450000 | നെൽകൃഷി വികസനം-13/22 | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 850539 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികക്ക് സ്കോളർഷിപ്പ് 47/22 | 850539 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-43/22 | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 1090125 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികക്ക് സ്കോളർഷിപ്പ് 47/22 | 1090125 | 0 |
| | 11160000 | ലൈഫ് ഭവന പദ്ധതി (എസ്.സി) 27/22 | 11160000 | 0 |
| | 198300 | ലൈഫ് ഭവന പദ്ധതി (എസ്.ടി) 28/22 | 198300 | 0 |
| | 4467261 | ലൈഫ് ഭവന പദ്ധതി (എസ്.സി.അഡീ) 232/22 | 4467261 | 0 |
| | 779332 | ലൈഫ് ഭവന പദ്ധതി (എസ്.ടി.അഡീ) 233/22 | 779332 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./വൗച്ചർ നം.തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | വനിതാ കൊപ്ര സംസ്കരണ കേന്ദ്രത്തിലേക്ക് വൈദ്യുതി ലഭ്യമാക്കൽ 151/22 | 22100197/8.6.21 | 43884രൂപ (തനത്) | 43884 | 0 |
| 2 | കെ.എസ്.ഇ.ബി | നത്തലക്കുന്ന് കുടിവെള്ള പദ്ധതിക്ക് ത്രീ ഫൈസ് വലിക്കൽ 339/22 | 22100242/25.11.2021 | 100000 | 100000 | 0 |
| 3 | കെ.എസ്.ഇ.ബി | മാടശ്ശേരി ത്രീ ഫൈസ് വലിക്കൽ 389/22 | 22100719/31.3.2022 | 147224 | 147224 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 10145588 | 44149692 | 7025333 | 0 | 47269947 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പി എം എസ് എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ്,മലപ്പുറം ,ഷെയറുകൾ | 3000 |
| | |
| ആകെ | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ | വിഷയം |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2(1),2(2) | നടപടി തുടരുന്നു | 2-1 വസ്തു നികുതി2014-15<br>2-2 തൊഴിൽ നികുതി 2014-15 |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 182757056 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 170012807 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 288068 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,426,720 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 21881 | Rs. 10941 ശ്രീമതി.ഗ്രീഷ്മ. അസിസ്റ്റന്റ് എഞ്ചിനീയർ Rs. 10940 ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 15029 | Rs. 7515 ശ്രീമതി.ഗ്രീഷ്മ. അസിസ്റ്റന്റ് എഞ്ചിനീയർ Rs. 7514 ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 4508 | Rs. 2254 ശ്രീമതി.ഗ്രീഷ്മ. അസിസ്റ്റന്റ് എഞ്ചിനീയർ Rs. 2254 ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 1,05,000 | ശ്രീ.അബ്ദുൾ റഷീദ്.കെ.എ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-5 | | 141650 | ശ്രീമതി.വിനോദിനി, ഐ സി ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 288068 | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 181720 | ശ്രീമതി.വിനോദിനി, ഐ സി ഡി.എസ് സൂപ്പർവൈസർ |
| 1-32 | 12,45,000 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| ആകെ | 1,426,720 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗ്രീഷ്മ | അസി.എഞ്ചിനീയർ,വണ്ടൂർ ഗ്രാമപഞ്ചായത്ത് | ജെഷീസ് ക്വാർട്ടേഴ്സ്<br>,<br>ചെറുകോട്<br>പോരൂർ പി ഒ<br>പിൻ -679339<br>. |
| ശ്രീമതി.വിനോദിനി | ഐ സി ഡി എസ് സൂപ്പർവൈസർ, വണ്ടൂർ ഗ്രാമപഞ്ചായത്ത് | വെട്ടുമ്മൽ ഹൗസ്,<br>ഉപ്പുവള്ളി,<br>അമരമ്പലം പി ഒ,<br>679332 |
| ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | തിരുവോണം,<br>ചെറുകര പി ഒ,<br>മലപ്പുറം<br>Pin 679340 |
| ശ്രീ അബ്ദുൾ റഷീദ് .കെ.എ | വി.ഇ.ഒ,ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് | കരുവാത്തൊടിക വീട്<br>മരുതങ്കാട്<br>മമ്പാട്ടുമൂല പി.ഒ<br>679332 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.എം.15/798/98 തീയതി 03-10-1998/13.07.04 | 40 |
| 2. | 1997-98 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 3. | 1998-99 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 4. | 1999-2000 ചെലവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 1 |
| 5. | 1999-2000 വരവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |

| | | | |
|---|---|---|---|
| 6. | 2000-01 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 2 |
| 7. | 2001-02 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 9. | 2003-04 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 5 |
| 11. | 2005-06 | എൽ.എഫ്.എം 6/906/2008 തീയതി14-10-2019 | 2 |
| 12. | 2006-07 | എൽ.എഫ്.എം 6/907/08 തീയതി 14-10-2019 | 11 |
| 14. | 2008-09 | എൽ.എഫ്എം 6/1255/10 തീയതി14-10-2019 | 3 |
| 15. | 2009-10 | എൽ.എഫ്എം 6/1256/10 തീയതി 14-10-2019 | 4 |
| 16. | 2010-11 | എൽ.എഫ്എം 6/940/12 തീയതി 14-10-2019 | 1 |
| 17. | 2011-12,2012-13 | എൽ.എഫ്എം 6/1377/14 തീയതി 08-09-2015 | 27 |
| 18. | 2013-14 | എൽ.എഫ്എം 6/684/14 തീയതി 01-09-2015 | 10 |
| 19. | 2014-15 | കെ.എസ്.എ.എം.പി.എം.6/550/16തീയതി 21-04-2016 | 12 |
| 20. | 2015-16 | കെ.എസ്.എ.എം.പി.എം.6/2699/16 തീയതി 23-02-2018 | 8 |
| 21. | 2016-17 | കെ.എസ്.എ.എം.പി.എം.6/2412/18തീയതി 17-04-2019 | 13 |
| 22. | 2017-18 | കെ.എസ്.എ.എം.പി.എം.6/582/19തീയതി 04-06-2020 | 20 |
| 22. | 2018-19 | കെ.എസ്.എ.എം.പി.എം.6/ 784/2021തീയതി 05-07-2021 | 18 |
| 23 | 2019-20 | കെ.എസ്.എ.എം.പി.എം.6/1233/2021 തീയതി 18.08.21 | 28 |
| 24 | 2020-21 | കെ.എസ്.എ.എം.പി.എം.6/1234/2021 തീയതി20.08.22 | 11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്